## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2790 — 21.06.2012 -ലെ മറുപടിക്ക്

### പത്തനംതിട്ട ജില്ലയിലെ നഗരവികസന പദ്ധതി

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | ഉത്തരം<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| (എ). സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന നഗരവികസനപദ്ധതിയിൽ റോഡുകൾ പരിഗണിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | (എ). ശാസ്ത്രീയവും സമഗ്രവുമായ ഗതാഗത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ റോഡിലെയും നിലവിലുള്ള ഗതാഗത ബാഹുല്യവും ഭാവിയിലുണ്ടാകാവുന്ന ഗതാഗത വർദ്ധനവും മറ്റു പ്രധാന റോഡുകളുമായുള്ള ബന്ധവും നഗരത്തിന്റെ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പദ്ധതികളും ആസ്പദമാക്കിയാണ് നഗര റോഡ് വികസന പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നത്. |
| (ബി). ഈ പദ്ധതിയെ സംബന്ധിച്ച പൂർണ്ണമായ വിശദാംശം അറിയിക്കുമോ; | (ബി). വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയ ശേഷം സുതാര്യമായി ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് ബി.ഒ.റ്റി. –ആന്വറ്റി വ്യവസ്ഥയിലാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന റോഡുകൾ നവീകരിക്കുന്നത്. റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് . ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരു വശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ഡക്ടുകൾ നിർമ്മിക്കുക, റോഡുകൾ വെട്ടിമുറിക്കുന്നത് ഒഴിവാക്കുന്നതിനായി ഇടവിട്ട് ക്രോസ് ഡക്ടുകൾ നിർമ്മിക്കുക, കാൽനട യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി മെച്ചപ്പെട്ട നടപ്പാതകളും റെയിലിംഗ്സുകളും നിർമ്മിക്കുക, അടയാള ബോർഡുകളും, ട്രാഫിക് സിഗ്നലുകളും തെരുവ് വിളക്കുകളും സ്ഥാപിക്കുക, സ്ഥലലഭ്യതയനുസരിച്ച് വൃക്ഷങ്ങളും പുൽത്തകിടികളും വച്ച് |

പിടിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയാൽ 15 വർഷം അതിന്റെ സംരക്ഷണവും പരിപാലനവും കൂടി കരാർ ഏറ്റെടുത്തിട്ടുള്ള കമ്പനി നിർവ്വഹിക്കണമെന്നാണ് വ്യവസ്ഥ. ഈ കാലയളവിൽ കമ്പനിക്ക് നിശ്ചിത നിരക്കിൽ ആന്വറ്റി നൽകുന്നതായിരിക്കും.

| | | | |
|---|---|---|---|
| (സി). | **പത്തനംതിട്ട ജില്ലയെക്കൂടി ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് തയ്യാറാകുമോ?** | (സി). | ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള നഗര റോഡ് വികസന പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റു നഗരങ്ങളെ കൂടി ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**